# വിധിവിശ്വാസം

സർവലോകങ്ങളിലും നടക്കുന്ന സൃഷ്ടി-സ്ഥിതി-സംഹാരങ്ങളഖിലം അല്ലാഹു നിശ്ചയിച്ച നിയമങ്ങളും വ്യവസ്ഥകളുമനുസരിച്ച് അവന്റെ അറിവോടെ മാത്രം നടക്കുന്നു. പ്രപഞ്ചത്തിൽ സംഭവിക്കുന്ന ഒരു പുൽക്കൊടിയുടെ അനക്കം പോലും അവന്റെ അറിവിനും ഇഛക്കും അതീതമല്ല. പ്രപഞ്ചത്തിൽ ഒരില വീഴുന്നുപോലുമില്ല; അത് അവൻ അറിഞ്ഞിട്ടല്ലാതെ (6: 59). കാരണം, പ്രപഞ്ചത്തിലെ ഓരോ അണുവിന്റെയും സ്രഷ്ടാവും ഉടമയും നിയന്താവുമാണവൻ. അവന്റെ അറിവിനും ഇഛക്കും അതീതമായി വല്ലതും സംഭവിക്കുകയെന്നാൽ-അതെത്ര നിസ്സാരമായിരുന്നാലും ശരി- പ്രപഞ്ചത്തിന്മേലുള്ള അവന്റെ ഉടമസ്ഥതയും നിയന്ത്രണവും സമ്പൂർണമല്ല എന്നാണർഥം. സൃഷ്ടിപ്രപഞ്ചത്തെ സമഗ്രമായി ചൂഴ്ന്നു നില്ക്കുന്ന നിതാന്തവും സക്രിയവുമായ അധികാരത്തിന്റെയും വിധികർത്തൃത്വത്തിന്റെയും അനിവാര്യതയാകുന്നു, പ്രപഞ്ചത്തിൽ സംഭവിക്കുന്നതെന്തും -അതു നല്ലതാവട്ടെ, ചീത്തയാവട്ടെ- അവന്റെ വിധിക്കു വിധേയമായിരിക്കുക എന്നത്. ഇതാണ് ഇസ്‌ലാമിന്റെ ആറാമത്തെ അടിസ്ഥാന പ്രമാണമായ വിധിവിശ്വാസം.

ചില ആധുനിക മുസ്‌ലിം ദൈവശാസ്ത്രകാരന്മാർ വിധിവിശ്വാസത്തെയും മനുഷ്യ സ്വാതന്ത്ര്യത്തെയും യുക്തിയുടെ വെളിച്ചത്തിൽ വിശദീകരിക്കാൻ ശ്രമിച്ചിട്ടുണ്ട്. ശഹീദ് സയ്യിദ് ഖുത്ബ്, സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി, മുഹമ്മദ് ഹുസൈൻ ഹൈകൽ, മുഹമ്മദുൽ ഗസ്സാലി തുടങ്ങിയവർ അക്കൂട്ടത്തിൽ പെടുന്നു.

വിധിവ്യവസ്ഥ തന്നെയാണ് ഒരർഥത്തിൽ പ്രകൃതിനിയമം. തീക്ക് ചൂട്, മഞ്ഞിനു തണുപ്പ്, കണ്ണിനു കാഴ്ച, ഭൂമിക്ക് ആകർഷണ ശക്തി തുടങ്ങിയവയൊക്കെ ദൈവത്തിന്റെ വിധികളാകുന്നു. അവയെ പ്രകൃതി എന്നു വിളിക്കുമ്പോൾ അവയ്ക്കു പിന്നിലുള്ള സക്രിയവും ജാഗ്രത്തുമായ വിധാതാവിനെ ഉദ്ദേശിക്കാറില്ലെന്നു മാത്രം. അന്ധവും അബോധവുമായ ശക്തിയായിട്ടാണല്ലോ പ്രകൃതി കണക്കാക്കപ്പെടുന്നത്. പ്രകൃതിയുടെ ഓരോ കണികയുടെയും, ഓരോ സ്പന്ദനത്തിന്റെയും പിന്നിൽ സുശക്തവും സർവജ്ഞവും സബോധവുമായ ഒരു വിധാതാവുണ്ട് എന്ന യാഥാർഥ്യത്തെക്കൂടി ഉൾക്കൊള്ളുന്നതാണ് വിധിവ്യവസ്ഥ എന്ന പ്രയോഗം.

വിധി വ്യവസ്ഥ (ഖദ്ർ) അഥവാ പ്രപഞ്ചത്തിന്മേലുള്ള അല്ലാഹുവിന്റെ അധികാരവും അറിവും മനുഷ്യന്റെ പ്രവർത്തന സ്വാതന്ത്ര്യത്തിൽ ഇടപെടുന്നില്ല. “ഓരോ മനുഷ്യന്റെയും ഭാഗധേയം നാം അവന്റെ കഴുത്തിൽ തന്നെ ബന്ധിച്ചിരിക്കുന്നു”(ഖു. 17: 13). “ഓരോരുത്തരും തങ്ങളുടെ മാർഗത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ആരാണ് സന്മാർഗസ്ഥരെന്ന് നിന്റെ നാഥന്ന് നന്നായറിയാം”(17: 84). “നിശ്ചയം, അല്ലാഹു മനുഷ്യരോട് അല്പംപോലും അനീതി ചെയ്യുന്നതല്ല. പക്ഷേ, മനുഷ്യൻ അവരോടുതന്നെ അക്രമം ചെയ്യുന്നു എന്നതത്രെ യാഥാർഥ്യം”(10: 44). തീക്കു ചൂടുണ്ടാവുക എന്നതും അതിൽ പതിക്കുന്ന വസ്തു കരിഞ്ഞു പോവുക എന്നതും വിധിയാണ്. മനുഷ്യനാണ് തീയിൽ ചാടുന്നതെങ്കിൽ വെന്തുമരിക്കുക എന്നതും വിധിയുടെ ഭാഗം തന്നെ. ആരൊക്കെ, എന്തൊക്കെ, എങ്ങനെയൊക്കെ തീയിൽ പതിക്കുമെന്നും കത്തിച്ചാമ്പലാകുമെന്നുമുള്ള അറിവ് അല്ലാഹുവിന്റെ ജ്ഞാനത്തിന്റെ ഭാഗമാകുന്നു. പക്ഷേ, ഒരാളെ അഗ്നികുണ്ഡത്തിൽ ചാടിക്കുന്നത് അല്ലാഹുവിന്റെ ഈ വിധിയും അറിവുമല്ല. അത് അയാൾ സ്വയം ഏറ്റെടുത്ത തീരുമാനമാണ്. തീയിൽ ചാടി പൊള്ളലേറ്റവൻ, തീക്കു ചൂടുണ്ടാവുക, അതിൽ പതിച്ചവർക്ക് പൊള്ളലേല്ക്കുക തുടങ്ങിയ പ്രകൃതി നിയമങ്ങളെ ആക്ഷേപിക്കുന്നതിലർഥമില്ല. അതുപോലെ നിരർഥകമാണ് വിധിയെ പഴിക്കുന്നതും. ദൈവത്തിന്റെ ഇഛയോ അറിവോ മനുഷ്യനെ യാതൊന്നിനും നിർബന്ധിക്കുന്നില്ല. മനുഷ്യൻ പ്രവർത്തിക്കുന്നതെല്ലാം സ്വന്തം ഇഛയനുസരിച്ചും സ്വതന്ത്രമായ തീരുമാനമനുസരിച്ചുമാകുന്നു. സ്വതന്ത്രമായി അനുഷ്ഠിച്ച കർമങ്ങളുടെ ഉത്തരവാദിത്വം അനിവാര്യമായും അതിന്റെ കർത്താവിനുണ്ട്. ആ ഉത്തരവാദിത്വത്തിന്റെ പേരിലാണ് പരലോകത്ത് മനുഷ്യകർമങ്ങൾ വിചാരണക്കും രക്ഷാ ശിക്ഷകൾക്കും വിധേയമാക്കപ്പെടുന്നത്.